## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5113** **20-03-2025 - ൽ മറുപടിയ്ക്ക്**

## വയനാട്ടിലെ മിച്ചഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം മിച്ചഭൂമിയായി പ്രഖ്യാപിച്ച ഭൂമി വിൽക്കാനോ കൈമാറ്റം ചെയ്യാനോ വ്യവസ്ഥയുണ്ടോ; | (എ) | ഇല്ല. എന്നാൽ മിച്ച ഭൂമിയുടെ കൈമാറ്റം അസാധുവാണെന്ന് വ്യവസ്ഥയുണ്ട്. |
| (ബി) | മിച്ചഭൂമി കേസ് നിലനിൽക്കെ വയനാട് ജില്ലയിലെ രാജഗിരി എസ്റ്റേറ്റ് ഇന്ത്യ-യുടെ കൈവശമുണ്ടായിരുന്ന ഭൂമി വിൽപ്പന നടത്തിയതിന് അടിസ്ഥാനമായ ചട്ടങ്ങളും വ്യവസ്ഥകളും ഏതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിൽപ്പന സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | മിച്ചഭൂമിയായി പ്രഖ്യാപിച്ചതും കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 120A പ്രകാരം ഭൂമി കൈമാറ്റം തടഞ്ഞിട്ടുള്ള കേസുകളിലും ഒഴികെ മിച്ചഭൂമി കേസിൽ ഉൾപ്പെട്ട ഭൂമിയുടെ വില്പന വിലക്കാൻ കേരള ഭൂപരിഷ്കരണ നിയമത്തിൽ വ്യവസ്ഥയില്ല.<br><br>വയനാട് ജില്ലയിൽ വൈത്തിരി താലൂക്ക് ലാൻഡ് ബോർഡിൽ കൽപ്പറ്റ എസ്റ്റേറ്റ് (രാജഗിരി റബ്ബർ പ്രോഡ്യൂസേഴ്സ് കമ്പനി) പേരിലുള്ള SMC-26/81V നമ്പർ സീലിംഗ് കേസിൽ 27/09/2016-ൽ 290.85 ഏക്കർ മിച്ചഭൂമിയായി താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനെതിരെ ബഹു. ഹൈക്കോടതിയിൽ CRP(LR)436/16, CRP(LR)409/16 റിവിഷൻ ഫയൽ ചെയ്യുകയും, താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിക്കുന്നത് ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുമുണ്ട്. ആയതിനാൽ പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല.<br><br>ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ